കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പാർലമെൻറ് (അയോഗ്യത തടയൽ) ആക്ററ്, 1959

## (1959-ലെ 10-ാം നമ്പർ ആക്ററ്)

(1959 ഏപ്രിൽ 4-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില : 0-90

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പാർലമെന്റ് (അയോഗ്യത തടയൽ) ആക്റ്റ്, 1959

(1959-ലെ 10-ാം നമ്പർ ആക്റ്റ്)

1959 ഏപ്രിൽ 4-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1977

# പാർലമെൻറ് (അയോഗ്യത തടയൽ) ആക്ററ്, 1959

(1959-ലെ 10-ാം നമ്പർ)

ഗവൺമെൻറിൻെറ കീഴിലെ ചില ആദായകരമായ ഉദ്ദ്യോഗങ്ങൾ, അവ വഹിക്കുന്നവരെ പാർലമെൻറ് അംഗങ്ങളായി വരണം ചെയ്യപ്പെടുന്നതിനോ പാർലമെൻറ് അംഗങ്ങളായിരിക്കുന്നതിനോ അയോഗ്യരാക്കുന്നതല്ല എന്ന് പ്രഖ്യാപിക്കുവാനുള്ള ആക്ററ്

[1959 ഏപ്രിൽ, 4]

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ പത്താം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്ററിന്, പാർലമെൻറ് (അയോഗ്യത തടയൽ) ആക്ററ്, 1959 എന്ന് പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പ്രതികരബത്ത"യ്ക്ക്, ഒരു ഉദ്യോഗം വഹിക്കുന്ന ആരാൾക്ക്, ആ ഉദ്യോഗത്തിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അയാൾക്ക് നേരിടുന്ന ഏതെങ്കിലും ചെലവിൻെറ പ്രതിപൂരണത്തിന് അയാൾക്കു കഴിവുണ്ടാക്കുന്നതിനുവേണ്ടി പ്രതിദിനബത്തയോ (അങ്ങനെയുള്ള ബത്ത, പാർലമെൻറിലെ അംഗങ്ങളുടെ ശമ്പളവും ബത്തകളും ആക്ററ്, 1954 (1954-ലെ 30)-ൻ കീഴിൽ പാർലമെൻറിലെ ഒരംഗത്തിന് അവകാശപ്പെട്ട പ്രതിദിന ബത്തയുടെ തുകയിലും കവിയാതെ) ഏതെങ്കിലും വാഹനബത്തയോ, വീട്ടുവാടകബത്തയോ, യാത്രാബത്തയോ ആയി കൊടുക്കേണ്ട ഏതെങ്കിലും തുക എന്ന് അർത്ഥമാകുന്നതും;

(ഖ) "സ്ററാററ്യൂട്ടറി നികായ"ത്തിന്, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്താലോ, നിയമത്തിൻകീഴിലോ സ്ഥാപിക്കപ്പെടുന്ന ഏതെങ്കിലും ഏകാംഗ യോഗമോ, കമ്മിററിയോ, കമ്മിഷനോ, കൗൺസിലോ, ബോർഡോ, ആളുകളുടെ മറേറതെങ്കിലും നികായമോ, അത് ഏകാംഗികൃതമായതോ, അല്ലാത്തതോ ആയാലും എന്നർത്ഥമാകുന്നതും;

(ഗ) "സ്ററാററ്യൂട്ടറി അല്ലാത്ത നികായ"ത്തിന്, സ്ററാററ്യൂട്ടറി നികായമല്ലാത്ത, ആളുകളുടെ ഏതെങ്കിലും നികായമെന്നർത്ഥമാകുന്നതും; ആകുന്നു.

3. ചില ആദായകരമായ ഉദ്യോഗങ്ങൾ അയോഗ്യതയുണ്ടാക്കുന്നതല്ലെന്ന്.—താഴെ പറയുന്ന ഉദ്യോഗങ്ങളിൽ യാതൊന്നും അത് ഇൻഡ്യാ ഗവൺമെൻറിൻേറയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ കീഴിലെ ഒരു ആദായകരമായ ഉദ്യോഗം ആയിരിക്കുന്നിടത്തോളം, അത് വഹിക്കുന്ന ആളെ പാർല

മെൻറിലെ അംഗമായി വരണം ചെയ്യപ്പെടുന്നതിനോ, അംഗമായിരിക്കുന്ന തിനോ അയോഗ്യനാക്കുന്നതല്ലെന്ന് ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു, അതായത്,—

(ക) യൂണിയൻേറയോ ഏതെങ്കിലും സ്റേററിൻേറയോ മന്ത്രിയോ, സ്റേററ് മന്ത്രിയോ, ഡെപ്യൂട്ടി മന്ത്രിയോ വഹിക്കുന്ന ഏതെങ്കിലും ഉദ്യോഗം—അത് എക്സ് അഫിഷ്യോ ആയതോ പേർപറഞ്ഞുകൊണ്ടുള്ളതോ ആയാലും;

(ഖ) പാർലമെൻറിലെ ചീഫ്‌വിപ്പിൻേറയോ, ഡെപ്യൂട്ടി ചീഫ് വിപ്പി ൻേറയോ, വിപ്പിൻേറയോ, അല്ലെങ്കിൽ പാർലമെൻററി സെക്രട്ടറിയുടേയോ ഉദ്യോഗം;

(ഗ) നാഷണൽ കാഡററ് കോർ ആക്ററ്, 1948 (1948-ലെ 31)-ൻേറയോ, ടെറിട്ടോറിയൽ ആർമി ആക്ററ്, 1948 (1948-ലെ 56)-ൻേറയോ, റിസർവ്വ് ആൻറ് ആക്സിലിയറി എയർഫോഴ്സസ് ആക്ററ്, 1952 (1952-ലെ 62)-ൻേറയോ കീഴിൽ ഉണ്ടാക്കപ്പെടുന്നതോ നിലനിറുത്തിപ്പോരുന്നതോ ആയ ഏതെ ങ്കിലും സേനയിലെ അംഗത്തിൻെറ ഉദ്യോഗം;

(ഘ) ഏതെങ്കിലും സ്റേററിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഹോംഗാർഡിലെ അംഗത്തിൻെറ ഉദ്യോഗം;

(ങ) ബോംബെ നഗരത്തിലോ, കൽക്കട്ടാ നഗരത്തിലോ, മദ്രാസ് നഗര ത്തിലോ ഉള്ള ഷെറിഫിൻെറ ഉദ്യോഗം;

(ച) ഒരു സർവ്വകലാശാലയിലെ സിൻഡിക്കേററിൻേറയോ, സെനററി ൻേറയോ, എക്സിക്യൂട്ടീവ് കമ്മിററിയുടേയോ, കൗൺസിലിൻേറയോ, കോർട്ടി ൻേറയോ, അല്ലെങ്കിൽ സർവ്വകലാശാലയുമായി ബന്ധപ്പെട്ട മറേറതെങ്കിലും നികായത്തിൻേറയോ ചെയർമാൻെറ, അല്ലെങ്കിൽ അംഗത്തിൻെറ ഉദ്യോഗം;

(ഛ) ഗവൺമെൻറ് ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് ഇൻഡ്യക്കു വെളിയിൽ അയക്കുന്ന ഏതെങ്കിലും ഡെലിഗേഷൻേറയോ മിഷനിലേയോ അംഗത്തിൻെറ ഉദ്യോഗം;

(ജ) പൊതുപ്രാധാന്യമുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് ഗവൺമെൻറിനേയോ മറേറതെങ്കിലും അധികാരസ്ഥാനത്തേയോ ഉപദേശിക്കു ന്നതിന് വേണ്ടിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിഷയത്തെ ക്കുറിച്ച് ഒരു അന്വേഷണവിചാരണ നടത്തുകയോ, അതുസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയോ ചെയ്യുന്നതിനുവേണ്ടിയോ താൽ ക്കാലികമായി ഏർപ്പെടുത്തിയിട്ടുള്ള ഒരു കമ്മിററിയുടെ (അത് ഒരംഗം അടങ്ങി യതോ ഒന്നിലധികം അംഗങ്ങൾ അടങ്ങിയതോ ആയാലും) ചെയർമാൻേറയോ അംഗത്തിൻേറയോ ഉദ്യോഗം—അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്ന ആൾക്ക് പ്രതികരബത്തയല്ലാത്ത മറേറതെങ്കിലും വേതനത്തിന് അവകാശമില്ലെങ്കിൽ;

(ഝ) (ജ) ഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും നികായമല്ലാത്ത ഏതെങ്കിലും സ്ററാററ്യൂട്ടറി നികായത്തിൻേറയോ സ്ററാററ്യൂട്ടറിയല്ലാത്ത നികാ യത്തിൻേറയോ ചെയർമാൻെറ, അല്ലെങ്കിൽ ഡയറക്ടറുടെ അല്ലെങ്കിൽ അംഗ ത്തിൻെറ, ഉദ്യോഗം—അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്ന ആൾക്ക് പ്രതികര ബത്തയല്ലാത്ത മറേറതെങ്കിലും വേതനത്തിന് അവകാശമില്ലെങ്കിൽ—എന്നാൽ (i) പട്ടിക ഭാഗം I-ൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സ്ററാററ്യൂട്ടറി നികായ ത്തിൻേറയോ സ്ററാററ്യൂട്ടറി അല്ലാത്ത നികായത്തിൻേറയോ ചെയർമാൻെറ ഉദ്യോഗവും; (ii) പട്ടികഭാഗം II-ൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സ്ററാ

റയൂട്ടറി നികായത്തിൻെറയോ സ്ററാററയൂട്ടറിയല്ലാത്ത നികായത്തിൻെറയോ ചെയർമാൻെറ, അല്ലെങ്കിൽ സെക്രട്ടറിയുടെ ഉദ്യോഗം ഒഴിച്ചുനിറുത്തിക്കൊണ്ടുള്ളത്;

(ഞ) താൻെറ കർത്തവ്യം ഭൂമിക്കരം പിരിക്കുകയായിരിക്കുകയും, താൻ പിരിക്കുന്ന ഭൂമിക്കരത്തുകയുടെ ഓഹരിയോ അതിൻമേൽ ഒരു കമ്മിഷനോ വേതനമായി ലഭിക്കുകയും ചെയ്യുന്നവനും, എന്നാൽ ഏതെങ്കിലും പോലീസ് ചുമതലകൾ നിർവഹിക്കാത്തവനും ആയ ഗ്രാമ റവന്യൂ ഉദ്യോഗം അയാൾക്ക് ലംബർദാർ എന്നോ, മാൽഗുസാർ എന്നോ, പട്ടേൽ എന്നോ, ദേശ്മുഖ് എന്നോ മറേറാ പേർ പറഞ്ഞാലും.

വിശദീകരണം:—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് ചെയർമാൻേറയോ സെക്രട്ടറിയുടേയോ ഉദ്യോഗത്തിൽ, ആ തരത്തിൽപ്പെടുന്ന ഏതൊരു ഉദ്യോഗവും, അതിന് എന്തുപേർ പറഞ്ഞാലും, ഉൾപ്പെടുന്നതാകുന്നു.

4. ചില സംഗതികളിൽ അയോഗ്യത താൽക്കാലികമായി സസ്പെൻഡ് ചെയ്യൽ.—ഈ ആക്ററിൻെറ പ്രാരംഭത്തിനുമുമ്പ്, ഏത് ആദായകരമായ ഉദ്യോഗമാണോ, അതു വഹിക്കുന്നവനെ അയോഗ്യനാക്കുന്നതല്ലെന്ന് ഈ ആക്ററ് റദ്ദാക്കുന്ന ഏതെങ്കിലും നിയമത്താൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഒരു ഉദ്യോഗം വഹിച്ചിരുന്ന പാർലമെൻറ് അംഗമായിരിക്കെ ഈ ആക്ററിൽ അടങ്ങിയ വ്യവസ്ഥകളിൽ ഏതെങ്കിലും വ്യവസ്ഥകാരണം, അപ്രകാരം അയോഗ്യനായിത്തീരുന്നുവെങ്കിൽ, അങ്ങനെയുള്ള ഉദ്യോഗം അയാൾ, അത് ഈ ആക്ററിൻെറ പ്രാരംഭംമുതൽ ആറുമാസക്കാലത്തിനപ്പുറം പോകാത്ത ഏതെങ്കിലും കാലമാണ് വഹിക്കുന്നതെങ്കിൽ അയാളെ പാർലമെൻറിലെ അംഗമായിരിക്കുന്നതിന് അയോഗ്യനാക്കുന്നതല്ല.

5. റദ്ദാക്കലുകൾ.— പാർലമെൻറ് അയോഗ്യത തടയൽ ആക്ററ്, 1950, (1950-ലെ 19) പാർലമെൻറ് (അയോഗ്യത തടയൽ) ആക്ററ്, 1951, (1951-ലെ 68) അയോഗ്യത തടയൽ ആക്ററ്, 1953 (1954-ലെ 1) എന്നിവയും മറേറതെങ്കിലും അധിനിയമത്തിലെ ഈ ആക്ററുമായി അസംഗതമായ ഏതെങ്കിലും വ്യവസ്ഥയും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

## പട്ടിക

[3 (ഡ) വകുപ്പു നോക്കുക]

### ഭാഗം I

### കേന്ദ്ര ഗവൺമെൻറിൻെറ കീഴിലുള്ള നികായങ്ങൾ

എയർ കാർപ്പറേഷനുകൾ ആക്ററ്, 1953 (1953-ലെ 27) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള എയർ ഇൻഡ്യാ ഇൻറർ നാഷണൽ കാർപ്പറേഷൻ.

എയർ കാർപ്പറേഷനുകൾ ആക്ററ്, 1953 (1953-ലെ 27) 30-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള എയർ ട്രാൻസ്പോർട്ട് കൗൺസിൽ.

എക്സ്പോർട്ട് റിസ്കസ് ഇൻഷ്വറൻസ് കാർപ്പറേഷൻ ലിമിറഡിൻെറ ഡയറക്ടർ ബോർഡ്.

ഹെവി ഇലക്ട്രിക്കൽസ് ലിമിററഡിൻെറ ഡയറക്ടർ ബോർഡ്.

ഹിന്ദുസ്ഥാൻ കേബിൾസ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

ഹിന്ദുസ്ഥാൻ ഇൻസെക്ററിസൈഡ്സ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

ഹിന്ദുസ്ഥാൻ ഷിപ്പ്‌യാർഡ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

ഹിന്ദുസ്ഥാൻ കെമിക്കൽസ് ആൻറ് ഫെർട്ടിലൈസേഴ്സ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

നാഷണൽ കോൾ ഡെവലപ്പ്മെൻറ് കാർപ്പറേഷൻ (പ്രൈവററ്) ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

നാഷണൽ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് കാർപ്പറേഷൻ ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

നാഷണൽ ഇൻസ്ട്രുമെൻറ്സ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കാർപ്പറേഷൻ ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

നെയ്‌വേലി ലിഗ്നൈററ് കാർപ്പറേഷൻ (പ്രൈവററ്) ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

സിന്ദ്രി ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

സ്റേററ് ട്രേഡിങ് കാർപ്പറേഷൻ ആഫ് ഇന്ത്യാ ലിമിററഡിന്റെ ഡയറക്ടർ ബോർഡ്.

കാർഷികോത്പന്ന (വികസനവും പണ്ടകശാല സൂക്ഷിപ്പും) ആക്ററ്, 1956 (1956-ലെ 28) 17-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള കേന്ദ്ര വെയർ ഹൗസിംഗ് കാർപ്പറേഷൻ.

കല്ക്കരി ഖനികൾ (പരിരക്ഷണവും രക്ഷയും) ആക്ററ്, 1952 (1952-ലെ 12) 4-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള കല്ക്കരി ബോർഡ്.

കൽക്കരി ഖനി തൊഴിലാളി ക്ഷേമനിധി ആക്ററ്, 1947 (1947-ലെ 32) 6-ാം വകുപ്പിൻകീഴിൽ സംവിധാനംചെയ്തിട്ടുള്ള കൽക്കരി ഖനികൾ തൊഴിലാളി പാർപ്പിട ബോർഡ്.

## കൽക്കട്ട തുറമുഖത്തിനുള്ള കമ്മിഷണർമാർ

ഗാന്ധിഗ്രാം ടൗൺഷിപ്പിൽ ഭൂമി തിരിച്ചുവയ്ക്കുന്നതിനുള്ള കമ്മിററി.

കമ്പനി ആക്ററ്, 1956 (1956-ലെ 1) 410-ാം വകുപ്പിൻകീഴിൽ സംവിധാനംചെയ്തിട്ടുള്ള കമ്പനി നിയമ ഉപദേശകക്കമ്മീഷൻ.

തുണി ഫണ്ടുകൾ ആർഡിനൻസ്, 1944 (1944-ലെ 34)-ൻ കീഴിൽ സംവിധാനംചെയ്തിട്ടുള്ള പരുത്തിത്തുണികൾ ഫണ്ട് കമ്മിററി.

ഡാക്ക് തൊഴിലാളികൾ നിയോജനം ക്രമപ്പെടുത്തൽ ആക്ററ്, 1948 (1948-ലെ 9)-ൻ കീഴിൽ ഉണ്ടാക്കിയ 1956-ലെ ബോംബെ ഡാക്ക് തൊഴിലാളികൾ നിയോജനം ക്രമപ്പെടുത്തൽ പദ്ധതിക്കു കീഴിൽ സ്ഥാപിച്ചിട്ടുള്ള ബാംബെ ഡാക്ക് തൊഴിലാളി ബോർഡ്.

ഡാക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) ആക്റ്റ്, 1948 (1948-ലെ 9)-ൻ കീഴിൽ ഉണ്ടാക്കിയ 1956-ലെ കൽക്കട്ട ഡാക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) പദ്ധതിക്കു കീഴിൽ സ്ഥാപിച്ചിട്ടുള്ള കൽക്കട്ട ഡാക്ക് തൊഴിലാളി ബോർഡ്.

ഡാക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) ആക്റ്റ്, 1948 (1948-ലെ 9)-ൻ കീഴിൽ, ഉണ്ടാക്കിയ 1956-ലെ മദ്രാസ് ഡാക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) പദ്ധതിയ്ക്കു കീഴിൽ സ്ഥാപിച്ചിട്ടുള്ള മദ്രാസ് ഡാക്ക് തൊഴിലാളി ബോർഡ്.

ഫാർവേഡ് കാൺട്രാക്റ്റുകൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1952 (1852-ലെ 74) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള ഫാർവേഡ് കമ്പോള കമ്മീഷൻ.

എയർ കാർപ്പറേഷനുകൾ ആക്റ്റ്, 1953 (1853-ലെ 27) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള ഇൻഡ്യൻ എയർലൈൻസ് കാർപ്പറേഷൻ.

വ്യാവസായിക ധനകാര്യ കാർപ്പറേഷൻ ആക്റ്റ്, 1948 (1948-ലെ 15) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള ഇൻഡ്യൻ വ്യാവസായിക ധനകാര്യ കാർപ്പറേഷൻ.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65)-ൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള 1952-ലെ വ്യാവസായിക സംരംഭങ്ങളുടെ രജിസ്ട്രേഷനും ലൈസൻസിങ്ങും ചട്ടങ്ങളിലെ 10-ാം ചട്ടത്തിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ലൈസൻസിങ്ങ് കമ്മിററി.

ഖനികൾ ആക്റ്റ്, 1952 (1952-ലെ 35) 12-ാം വകുപ്പിൻകീഴിൽ സംവിധാനംചെയ്തിട്ടുള്ള ഖനന ബോർഡുകൾ.

കാർഷികോത്പന്നങ്ങൾ (വികസനവും പണ്ടകശാലാ സൂക്ഷിപ്പും) ആക്റ്റ്, 1956 (1956-ലെ 28) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ സഹകരണാത്മക വികസനവും പണ്ടകശാല സൂക്ഷിപ്പും ബോർഡ്.

പുനരധിവാസ ധനകാര്യ ഭരണം ആക്റ്റ്, 1948 (1948—ലെ 12) 3—ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള പുനരധിവാസ ധനകാര്യ ഭരണം.

താരിപ്പ് കമ്മീഷൻ ആക്റ്റ്, 1951 (1951-ലെ 50) 3—ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള താരിപ്പ്കമ്മീഷൻ.

ബാംബെ തുറമുഖത്തിന്റെ ട്രസ്ററികൾ

മദ്രാസ് തുറമുഖത്തിന്റെ ട്രസ്ററികൾ

ഇൻഡ്യൻ തുറമുഖ ആക്റ്റ്, 1908 (1908 –ലെ 15)-ൽ നിർവ്വചിച്ചപ്രകാരമുള്ളതും, കൽക്കട്ടാ തുറമുഖമോ ബാംബെത്തുറമുഖമോ മദ്രാസ് തുറമുഖമോ അല്ലാത്തതുമായ ഏതെങ്കിലും വൻകിട തുറമുഖത്തിന്റെ ട്രസ്ററികൾ, അല്ലെങ്കിൽ കമ്മീഷണർമാർ.

## സ്റേററ് ഗവൺമെൻറുകളുടെ കീഴിലുള്ള നികായങ്ങറം

ആന്ധ്രാപ്രദേശ് :

ഹൈദരാബാദ് ആഗ്രികറംച്ചറൽ ഇംപ്രൂവ്മെൻറ് ആക്ററ്, 1952-ലെ 3-ാംവകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ആഗ്രികറംച്ചറൽ ഇംപ്രൂവ്മെൻറ് ഫണ്ട് കമ്മിററി.

കോ-ഓപ്പറേററീവ് ആഗ്രികറംച്ചറൽ ആൻഡ് മാർക്കററിങ്ങ് ഡെവലപ്പ്മെൻറ് ഫണ്ടു കമ്മിററി.

ലൈവ്സ്റേറാക്ക് പർച്ചേസിങ്ങ് കമ്മിററി.

ആസ്സാം :

ആസ്സാം അധിയാർസ് പ്രൊട്ടെക്ഷൻ ആൻഡ് റഗുലേഷൻ ആക്ററ്, 1948—ലെ 2 ക വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള അധികൺസിലിയേഷൻ ബോർഡുകറം.

ആസ്സാം എവാക്യൂ പ്രാപ്പർട്ടി ആക്ററ്, 1951-ലെ 12-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ആസ്സാം എവാക്യൂ പ്രാപ്പർട്ടി മാനേജുമെൻറ് കമ്മിററി.

ആസ്സാം ടെക്സ്ററുബുക്ക് കമ്മിററി

ബീഹാർ :

മൈനിങ്ങ് ബോർഡ് ഫാർ കോറം മൈൻസ് ടെക്സ്ററ് ബുക്ക് ആൻഡ് എഡ്യൂക്കേഷൻ ലിററേച്ചർ കമ്മിററി.

ബോംബെ :

ജീവനക്കാരുടെ സ്റേററ് ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിലെ അലോക്കേഷൻ കമ്മിററി (അല്ലോപ്പതിക്ക്)

ജീവനക്കാരുടെ സ്റേററ് ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിലെ അല്ലോക്കേഷൻ കമ്മിററി (ആയുർവ്വേദം) നഴ്സിങ്ങ് രിജിമിൽസ്, ഷോലാപ്പൂരിൻെറ ബിസിനസ്സിൻേറയും കാര്യങ്ങളുടെയും ആകെപ്പാടെയുള്ള മേൽനോട്ടം നടത്തുന്നതിനുള്ള ബോർഡ്.

ബോംബെ ഹൗസിങ്ങ് ബോർഡ് ആക്ററ്, 1948-ലെ 3-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ബോംബെ ഹൗസിങ്ങ് ബോർഡ്.

വിദ്യുച്ഛക്തി (സപ്ലൈ) ആക്ററ്, 1948(1948-ലെ 54) 5-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ബാംബെ സ്റേററ് ഇലക്ട്രിസിററി ബോർഡ്.

വിദ്യുച്ഛക്തി (സപ്ലൈ) ആക്ററ്, 1948 (1948-ലെ 54) 16-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ബാംബെ സ്റേററ് വിദ്യുച്ഛക്തി കൂടിയാലോചനാ സമിതി.

ജീവനക്കാരുടെ സ്റേററ് ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിലെ ചികിൽസീയ സേവന കമ്മിററി.

ജീവനക്കാരുടെ സ്റ്റേററ് ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിലെ ഫാർമസ്യൂട്ടിക്കൽ കമ്മിററി.

മോട്ടോർ വാഹനങ്ങരം ആക്ററ്, 1939 (1939-ലെ 4) 44-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള അഹമ്മദബാദിനും ഔറംഗബാദിനും, ബാംബെയ്ക്കും, നാഗപ്പൂരിനും, പൂനയ്ക്കും, രാജകോട്ടിനും, താനയ്ക്കും ഉള്ള പ്രാദേശിക പരിവഹണ അധികാരസ്ഥാനം.

സൗരാഷ്ട്ര ഹൗസിങ്ങ് ബോർഡ് ആക്ററ്, 1954-ലെ3-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള സൗരാഷ്ട്രാ ഹൗസിങ്ങ് ബോർഡ്.

മേട്ടോർ വാഹന ആക്ററ്, 1939 (1939-ലെ 4) 44-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള സ്റ്റേററ് പരിവഹണ അധികാരസ്ഥാനം.

മദ്ധ്യപ്രദേശ് ഹൗസിങ്ങ് ആക്ററ്, 1950-ലെ 3-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള വിദർഭ ഹൗസിങ്ങ് ബോർഡ്.

കേരള :

തിരുവിതാംകൂർ-കൊച്ചി ബോയിലർ അററൻഡർമാർ ചട്ടങ്ങരം, 1954-ലെ 8-ാം ചട്ടത്തിൻ കീഴിൽ നിയമിച്ചിട്ടുള്ള ബോർഡ് ആഫ് എക്സാമിനേഴസ്.

തിരുവിതാംകൂർ-കൊച്ചി ബായിലർ അററൻഡർമാർ ചട്ടങ്ങരം 1954-ലെ 63-ാം ചട്ടത്തിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള അസ്സസ്സർ പാനൽ.

തിരുവിതാംകൂർ-കൊച്ചി എക്കണോമൈസർ ചട്ടങ്ങരം 1956-ൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള അസ്സസ്സർ പാനൽ.

മദ്ധ്യപ്രദേശ്:

മദ്ധ്യപ്രദേശ് ഹൗസിങ്ങ് ബോർഡ് ആക്ററ്, 1950-ലെ 3-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള മദ്ധ്യപ്രദേശ് ഹൗസിങ്ങ് ബോർഡ്.

മഹാ കോസൽ ഹൗസിങ്ങ് ബോർഡ്

തമിഴ്നാട് :

എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു തമിഴ്നാടു പാഠ്യപുസ്തകങ്ങരം തീരഞ്ഞെടുക്കുന്നതിനുള്ള കമ്മിററി.

ചെറുകിട തുറമുഖങ്ങരംക്കുള്ള ലാൻഡിങ്ങ് ആൻഡ് ഷിപ്പിങ്ങ് ഫീസ് കമ്മിററികരം.

ജീവനക്കാരുടെ സ്റ്റേററ് ഇൻഷ്വറൻസ് (സാമാന്യം) റഗുലേഷനുകരം 1950—ലെ 10 ക റഗുലേഷനു കീഴിൽ സംവിധാനം ചെയ്തിട്ടുള്ള തദ്ദേശ കമ്മിററി.

തമിഴ്നാട് ബോർഡ് ആഫ് ട്രാൻസ്പോർട്ട്.

വിദ്യുച്ഛക്തി (സപ്ലൈ) ആക്ററ്, 1948 (1948-ലെ 54) 16-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള തമിഴ്നാട് സ്റ്റേററ് വിദ്യുച്ഛക്തി ബോർഡ്.

വിദ്യുച്ഛക്തി (സപ്ലൈ) ആക്ററ്, 1948 (1948-ലെ 54) 16-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള തമിഴ് നാട് സ്റ്റേററ് വിദ്യുച്ഛക്തി കൂടിയാലോചനാ സമിതി.

തുറമുഖ കൺസർവൻസി ബോർഡുകൾ

ചെറുകിട തുറമുഖങ്ങളുടെ പോർട്ട് ട്രസ്ററ് ബോർഡുകൾ

സ്റേററ്റ് കമ്മ്യൂണിക്കേഷൻ ബോർഡ്

ടെക്സ്ററ് ബുക്ക് കമ്മിററി

കർണ്ണാടക :

ബോർഡ് ആഫ് മാനേജ്മെൻറ് മൈസൂർ അയൺ ആൻഡ് സ്ററീൽ വർക്ക്സ്, ഭദ്രാവതി.

ബോർഡ് ആഫ് മാനേജ്മെൻറ് ആഫ് ഇൻഡസ്ട്രിയൽ കൺസേൺസ്.

ഒറീസ്സ :

ബോർഡ് ആഫ് സെക്കൻഡറി എഡ്യൂക്കേഷൻെറ കീഴിലെ അപ്പീൽ കമ്മിററി.

ഒറീസ്സ ബോർഡ് ആഫ് കമ്മ്യൂണിക്കേഷൻസ് ആൻഡ് ട്രാൻസ്പോർട്ട്.

മോട്ടോർ വാഹനങ്ങൾ ആക്ററ്, 1939 (1939-ലെ 4)-ലെ 44-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള പ്രദേശിക പരിവഹണ അധികാര സ്ഥാനം.

മോട്ടോർ വാഹന ആക്ററ്, 1939 (1939-ലെ 4)-ലെ 44-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള സ്റേററ്റ് പരിവഹണ അധികാര സ്ഥാനം.

പഞ്ചാബ് :

പഞ്ചാബ് സ്റേററ്റ് നാഷണൽ വർക്കേഴ്സ് റിലീഫ് ആൻഡ് റിഹാബിലിറേറഷൻ ബോർഡ്.

രാജസ്ഥാൻ :

സിററി ആഫ് കോട്ട ഇംപ്രൂവ്മെൻറ് ആക്ററ്, 1946-ൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള സിററി ഇംപ്രൂവ്മെൻറ് ട്രസ്ററ്, കോട്ട.

എക്സൈസ് അപ്പലേററ് ബോർഡ്, ആജ്മീർ

വിദ്യുച്ഛക്തി (സപ്ലൈ) ആക്ററ്, 1948 (1948-ലെ 54) 5-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള രാജസ്ഥാൻ സ്റേററ്റ് വിദ്യുച്ഛക്തി ബോർഡ്.

ജയ്പൂരിലെ പട്ടണ പരിഷ്ക്കരണ ബോർഡ്

ഉത്തർപ്രദേശ് :

ഗവൺമെൻറ് സിമൻറ് ഫാക്ടററി ബോർഡ്

ജീവനക്കാരുടെ സ്റേററ്റ് ഇൻഷ്വറൻസ് ആക്ററ്, 1948 (1948-ലെ 34) 25-ാം വകുപ്പിൻ കീഴിൽ ആഗ്രയിലേക്കും കാൺപൂരിലേക്കും ലക്നൗവിലേക്കും സഹാരാൺപൂരിലേയ്ക്കും നിയമിക്കപ്പെട്ടിട്ടുള്ള തദ്ദേശക്കമ്മിററികൾ.

എഡ്യൂക്കേഷൻ എക്സ്പാൻഷൻ ഡിപ്പാർട്ട്മെൻറിലേക്ക് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സബ്-കമ്മിററി.

യു. പി. ഷുഗർ ആൻഡ് പവ്വർ ആൽക്കഹോൾ ഇൻഡസ്ട്രീസ് ലേബർ വെൽഫെയർ ആൻഡ് ഡെവലപ്പ്മെൻറ് ഫണ്ട് ആക്ററ്, 1950-ലെ 10-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള യു. പി. ഷുഗർ ആൻഡ് പവ്വർ ആൽക്കഹോൾ ആൻഡ് ലേബർ ഹൗസിങ്ങ് ബോർഡ്.

പശ്ചിമ ബംഗാൾ :

ഇൻഡ്യൻ വിദ്യുച്ഛക്തി 1956-ലെ 45-ാം ചട്ടത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള റെഗുലേഷനുകൾക്കു കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ലൈസൻസിങ്ങ് ബോർഡ്.

വെസ്ററ് ബംഗാൾ ഡെവലപ്പ്മെൻറ് കാർപ്പറേഷൻ ആക്ററ്, 1954-ൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള വെസ്ററ് ബംഗാൾ ഹൗസിങ്ങ് ബോർഡ്.

## യൂണിയൻ രാജ്യക്ഷേത്രങ്ങളിലെ നികായങ്ങൾ

ഡൽഹി ഡെവലപ്മെൻറ് ആക്ററ്, 1957 (1957-ലെ 61)-ലെ 3-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഡെൽഹി ഡെവലപ്പ്മെൻറ് അതാറിററി.

ഡെൽഹിക്ക് ബാധകമാക്കിയ പ്രകാരമുള്ള ബാംബേ ഇലക്ട്രിസിററി (സ്പെഷ്യൽ പവ്വേഴ്സ്) ആക്ററ്, 1946-ലെ 5-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഡെൽഹി ഇലക്ട്രിസിററി പവ്വർ കൺട്രോളർ ബോർഡ്.

വിദ്യുച്ഛക്തി (സപ്ലൈ) ആക്ററ്, 1948 (1948-ലെ 54)-ലെ 16-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഡെൽഹി സ്റേററ് എലക്ട്രിസിററി കൗൺസിൽ.

## ഭാഗം II

## കേന്ദ്ര ഗവൺമെൻറിൻെറ കീഴിലെ നികായങ്ങൾ

എയർ കാർപ്പറേഷനുകൾ ആക്ററ്, 1953 (1953-ലെ 27)-ലെ 41-ാം വകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള എയർ-ഇൻഡ്യാ ഇൻറർനാഷണൽ കാർപ്പറേഷനുള്ള ഉപദേശക കമ്മിററി.

എയർ കാർപ്പറേഷനുകൾ ആക്ററ്, 1953 (1953-ലെ 27) -ലെ 41-ാം വകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ഇൻഡ്യൻ എയർലൈൻസ് കാർപ്പറേഷനുള്ള ഉപദേശക കമ്മിററി.

കേന്ദ്ര പട്ടു ബോർഡു ആക്ററ്, 1948 (1948-ലെ 61)-ലെ 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള കേന്ദ്ര പട്ടു ബോർഡ്.

കാഫി ആക്ററ്, 1942 (1942-ലെ 7)-ലെ 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള കാഫി ബോർഡ്.

കയർ വ്യവസായ ആക്ററ്, 1953 (1953-ലെ 45)-ലെ 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള കയർ ബോർഡ്.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65)-ലെ 6-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള അമ്ലങ്ങൾക്കും രാസവളങ്ങൾക്കും ഉള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള ക്ഷാരങ്ങൾക്കും സജാതീയ വ്യവസായങ്ങൾക്കും ഉള്ള വികസന സമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള സൈക്കിളുകൾക്കുള്ള വികസന സമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള മരുന്നുകൾക്കും, ചായങ്ങൾക്കും, മധ്യകങ്ങൾക്കും ഉള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ സാധന വ്യവസായങ്ങൾക്കുള്ള വികസന സമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള ഘന എലക്ട്രിക്കൽ എൻജിനീയറിങ്ങ് വ്യവസായങ്ങൾക്കുള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ് 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള ഇന്റേണൽ കംബസ്റ്റൻ യന്ത്രങ്ങൾക്കും യന്ത്രശക്തി ചാലിതമായ പമ്പുകൾക്കും ഉള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള ലഘുഎലക്ട്രിക്കൽ എൻജിനീയറിങ്ങ് വ്യവസായങ്ങൾക്കുള്ള വികസന സമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ് 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള മെഷീൻ ടൂളുകൾക്കുള്ള വികസന സമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള അല്ലോയ്സ് ഉൾപ്പെടെയുള്ള നോൺഫെറസ് ലോഹങ്ങൾക്കുള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള തൈലാധിഷ്ഠിത പ്ലാസ്റ്റിക്ക് വ്യവസായങ്ങൾക്കുള്ള വികസന സമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള പഞ്ചസാര വ്യവസായത്തിനുള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള കൃത്രിമപ്പട്ടുനൂലുൾപ്പെടെ കൃത്രിമപ്പട്ടിനാൽ നിർമ്മിതമായ തുണികൾക്കുള്ള വികസനസമിതി.

വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്ററ്, 1951 (1951-ലെ 65) 6-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള കമ്പിളി നൂലും, ഹോസിയറിയും, പരവതാനികളും, കമ്പിളിവിരിപ്പുകളും ഉൾപ്പെടെ കമ്പിളി കൊണ്ട് നിർമ്മിതമായ തുണികൾക്കുള്ള വികസനസമിതി.

ദർഗ്ഗാഖ്വാജാ സാഹിബ് ആക്ററ്, 1955 (1955-ലെ 36) 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ദർഗ്ഗാക്കമ്മിററി, ആജ്മീർ.

ഇൻഡ്യൻ കേന്ദ്ര അടയ്ക്കാ കമ്മിററി.

ഇൻഡ്യൻ നാളികേര കമ്മിററി ആക്ററ്, 1944 (1944-ലെ 10) 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഇൻഡ്യൻ കേന്ദ്ര നാളികേര കമ്മിററി.

ഇൻഡ്യൻ പരുത്തി സെസ്സ് ആക്ററ്, 1923 (1923-ലെ 14) 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഇൻഡ്യൻ കേന്ദ്രപരുത്തിക്കമ്മററി.

ഇൻഡ്യൻ കേന്ദ്ര ചണക്കമ്മിററി.

ഇൻഡ്യൻ എണ്ണക്കുരുക്കൾ കമ്മിററി ആക്ററ്, 1946 (1946-ലെ 9) 4-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഇൻഡ്യൻ കേന്ദ്ര എണ്ണക്കുരുക്കൾ കമ്മിററി.

ഇൻഡ്യൻ കേന്ദ്ര കരിമ്പു കമ്മിററി.

ഇൻഡ്യൻ കേന്ദ്ര പുകയില കമ്മിററി.

ഇൻഡ്യൻ അരക്കുസെസ്സ് ആക്ററ്, 1930 (1930-ലെ 24) 4-ാം വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഇൻഡ്യൻ അരക്കുസെസ്സ് കമ്മിററി.

റബ്ബർ ആക്ററ്, 1947 (1947-ലെ 24) 4ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള റബ്ബർ ബോർഡ്.

തേയില ആക്ററ്, 1953 (1953-ലെ 29) 4-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള തേയില ബോർഡ്.

## സ്റേററ് ഗവൺമെൻറുകളുടെ കീഴിലുള്ള നികായങ്ങൾ

ആന്ധ്ര പ്രദേശ്.

ഹൈദ്രാബാദ് ആഗ്രികൾച്ചറൽ മാർക്കററ് ആക്ററ്, 1339 എഫ്-ലെ നമ്പർ II-ലെ 4-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള മാർക്കററ് കമ്മിററി.

മദ്രാസ് കമേഴ്സ്യൽ ക്രാപ്സ്മാർക്കററ്സ് ആക്ററ്, 1933-ലെ 4ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള മാർക്കററ് കമ്മിററി.

ബീഹാർ ;

ബീഹാർ സ്റേററ് ബോർഡ് ആഫ് റിലിജിയസ്ട്രസ്ററ്സ് ബീഹാർ സുബായ്മജ്‌ലീസ് ഔകാഫ്.

ബൗദ്ധഗയാ ടെംപിൾ ആക്ററ്, 1949-ലെ 15-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ബൗദ്ധഗയാ ടെംപിൾ അഡ്വൈസറി കമ്മിററി.

ബൗദ്ധഗയാ ടെംപിൾ ആക്ററ്, 1949-ലെ 3-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ബൗദ്ധഗയാ ടെംപിൾ മാനേജ്മെൻറ് കമ്മിററി.

കേരളം :

കയർ ക്രയപദ്ധതിക്കുള്ള ഭരണ കമ്മിററി.

മദ്രാസ് കമേഴ്സ്യൽ മാർക്കററ്സ് ആക്ററ്, 1933-ലെ 4ക വകുപ്പിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള മലബാർ കുരുമുളക് കമ്മിററി.

മരച്ചീനി കുരുമുളക് വിപുലീകരണ ബോർഡ്.

തമിഴ്നാട് :

തമിഴ്നാട് ഹിന്ദു റിലിജിയസ് ആൻഡ് ചാരിററബിൾ എൻഡോവ്മെൻറ് ആക്ററ്, 1951-ലെ 12-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഹിന്ദു റിലിജിയസ് ആൻഡ് ചാരിററബിൾ എൻഡോവ്മെൻറിനുള്ള ഏരിയാ കമ്മിററി.

വക്ഫ് ആക്ററ്, 1954 (1954-ലെ 29) 9-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള തമിഴ്നാട് സ്റേററ് വക്ഫ് ബോർഡ്.

പഞ്ചാബ് :

പട്ടിയാല ആഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കററ്സ് ആക്ററ്, 2004-ലെ 3-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള സ്റേററ് മാർക്കററിങ്ങ് ബോർഡ്.

———